## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : **2149** — **18.03.15**- ലെ മറുപടിക്ക്

### കള്ള് സഹകരണ സംഘങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. കെ.കെ.ലതിക | **ശ്രീ. സി.എൻ. ബാലകൃഷ്ണൻ**<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന കള്ള് സഹകരണ സംഘങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന കള്ള് സഹകരണ സംഘങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.<br>തിരുവനന്തപുരം : 1<br>കൊല്ലം : ഇല്ല<br>പത്തനംതിട്ട : 6<br>ആലപ്പുഴ : 1<br>കോട്ടയം : 8<br>ഇടുക്കി : 6<br>പാലക്കാട് : ഇല്ല<br>എറണാകുളം : 13<br>തൃശ്ശൂർ : 10<br>മലപ്പുറം : 5<br>കോഴിക്കോട് : 4<br>വയനാട് : 1<br>കണ്ണൂർ : 16<br>കാസർഗോഡ് : 4 |
| ബി) പ്രസ്തുത സംഘങ്ങളിൽ എത്രയെണ്ണം ഇപ്പോൾ ലാഭത്തിൽ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) പ്രസ്തുത സംഘങ്ങളിൽ 15 എണ്ണം ഇപ്പോൾ ലാഭത്തിൽ പ്രവർത്തിക്കുന്നു. |
| സി) ടി സംഘങ്ങളെ കള്ള് വ്യവസായത്തിൽ നിന്നും സർക്കാർ ഒഴിവാക്കിയതിന്റെ കാരണം വ്യക്തമാക്കുമോ; | (സി) ടി സംഘങ്ങളെ കള്ള് വ്യവസായത്തിൽ നിന്നും ഒഴിവാക്കിയത് സർക്കാരിന്റെ അബ്കാരി നയത്തിന്റെ ഭാഗമായിട്ടാണ്. |
| ഡി) കള്ള് സഹകരണ സംഘങ്ങളുടെ ബൈലോ പ്രകാരം അവയ്ക്ക് കള്ള് വ്യവസായം നടത്തുന്നതിന് തടസ്സമുണ്ടോ; | (ഡി) കള്ള് സഹകരണ സംഘങ്ങളുടെ ബൈലോ പ്രകാരം അവയ്ക്ക് കള്ള് വ്യവസായം നടത്തുന്നതിന് തടസ്സമില്ല. |
| ഇ) ടി സംഘങ്ങൾക്ക് സർക്കാർ അംഗീകരിച്ച് നൽകിയ ബൈലോ പ്രകാരം കള്ള് വ്യവസായം നടത്താമെന്നിരിക്കേ, അവയ്ക്ക് കള്ള് ഷാപ്പുകൾ അനുവദിക്കുന്നതിൽ വിലക്കേർപ്പെടുത്തിയതിന്റെ നിയമവശം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ? | ഇ) കള്ള് ഷാപ്പുകൾക്ക് ലൈസൻസ് നൽകുന്നത് എക്സൈസ് വകുപ്പായതിനാൽ ടി വകുപ്പിന്റെ കാലാകാലങ്ങളിലെ നയങ്ങളുടെ അടിസ്ഥാനത്തിലാണ് ലൈസൻസ് നൽകുന്നത്. |

**സെക്ഷൻ ഓഫീസർ**